# സഹായിക്കുക !

## ഞാനൊരു പുതിയ അദ്ധ്യാപകനാണ്!

**ഒരു പുതിയ അദ്ധ്യാപകനായി തുടക്കം കുറിക്കുന്നതിനുള്ള സഹായത്തിന് ഈ ചെറുപുസ്തകം വായിക്കുക.**



## ലോകമെമ്പാടുമുള്ള 'ചിൽഡ്രൻസ് മിനിസ്ട്രി കുടുംബത്തിലേക്ക് സ്വാഗതം'!

### അഭിനന്ദനങ്ങൾ! താങ്കൾ ഒരു അദ്ധ്യാപകനാണ്!!!

നാളെയുടെ ദൈവസഭയെ പടുത്തുയർത്തുന്ന ദൈവദാസിദാസന്മാരുടെ സംഘത്തിലെ ഒരു ഭാഗമാണ് താങ്കൾ. കണ്ണുകൾ നിത്യതയിലേക്ക് തുറക്കപ്പെട്ടിരിക്കുന്ന എന്നതിനാൽ അഹംഭാവ മനോഭാവത്തെ ത്യജിച്ച് താഴ്മയോടെ അടുത്ത തലമുറയെ അഭ്യസിപ്പിക്കുന്ന ഒരു വിഭാഗത്തിലെ അംഗമാണ് താങ്കൾ.

കുട്ടികൾക്കിടയിൽ പ്രവർത്തിക്കുന്നതിന്റെ വൈശിഷ്ട്യം ഒരു പക്ഷേ....

1. താങ്കൾക്ക് അദ്ധ്യാപനത്തിനുള്ള ഒരു വരദാനം ഉണ്ടാകാം, കുട്ടികൾക്കിടയിൽ പ്രവർത്തിക്കുന്നതിൽ ആനന്ദവും ഉണ്ടായിരിക്കാം...അല്ലെങ്കിൽ
2. നിത്യതയിലേക്ക് താങ്കളുടെ കണ്ണുകൾ തുറന്ന് അടുത്ത തലമുറയെ അഭ്യസിപ്പിക്കുന്നതിൽ ലഭ്യമാകുന്ന ആത്മീയ ഫലം കണ്ടിട്ടുണ്ടാകാം.

(അല്ലെങ്കിൽ, ഉറപ്പായും ഇവ രണ്ടും താങ്കളിൽ ഉണ്ടായിരിക്കും!)

വാസ്തവത്തിൽ, നമ്മിൽ പലരും വിശേഷ വരദാനങ്ങൾ ഒന്നും കൂടാതെ കുട്ടികൾക്കിടയിൽ പ്രവർത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രം ചിൽഡ്രൻസ് മിനിസ്ട്രിയിൽ പ്രവർത്തിക്കുന്നവരാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ എല്ലാ വരദാനങ്ങളും ചിൽഡ്രൻസ് മിനിസ്ട്രിക്കായി ദൈവം ആവശ്യപ്പെടുന്നു. താങ്കൾക്ക് എത്ര വയസ്സുണ്ട്, താങ്കൾക്ക് ഏതെല്ലാം വരങ്ങളുണ്ട്, അല്ലെങ്കിൽ സഭയിൽ താങ്കൾ ഈ ദൌത്യത്തിലേക്ക് നിർബന്ധിക്കപ്പെട്ടു വന്നതാണോ എന്നീ കാര്യങ്ങളൊന്നും പ്രസക്തമായ കാര്യങ്ങളല്ല...

*ചിൽഡ്രൻസ് മിനിസ്ട്രിയിലേക്ക് സ്വാഗതം!*

## ഒരു അദ്ധ്യാപകൻ ആകുക എന്നതിന്റെ അർത്ഥം എന്താണ്?

ഒരു സഭയിൽ അദ്ധ്യാപനം ചെയ്യുക എന്നതിനു സമം:
നിത്യമായ പ്രാണനും ആത്മാവുമുള്ള ഒരു കൂട്ടം വ്യക്തികളെ ആത്മീയവും വേദപുസ്തകപരവുമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക എന്നതാകുന്നു.

### 1. സന്നിഹിതൻ ആയിരിക്കുക.

ഒരു നല്ല അദ്ധ്യാപകൻ ആകുക എന്നതിന്റെ ഒന്നാമത്തെ ഘടകം താങ്കൾ ക്ലാസ്സിനൊപ്പം സന്നിഹിതനായിരിക്കുക എന്നതാണ്. ഇത് വളരെ സ്പഷ്ടമായി കാണപ്പെട്ടേക്കാം, എന്നാൽ ഒരു ക്ലാസ് നഷ്ടമാകുന്നത് എത്ര എളുപ്പമായിരിക്കും എന്ന് വേഗത്തിൽ താങ്കൾക്ക് കാണുവാൻ കഴിയും. എന്നാൽ ഒരു നല്ല അദ്ധ്യാപകൻ എപ്പോഴും ക്ലാസ്സിൽ അദ്ധ്യാപനത്തിനായി സന്നിഹിതനായിരിക്കണം.

a. പ്രതിവാര വിശ്വാസ്യത

b. സേവന വർഷങ്ങൾ

c. ക്ലാസ്സിൽ അതീവ ശ്രദ്ധാലുവായിരിക്കുക.

d. ലഭ്യമാകുന്ന മിനിട്ടുകൾ അത്രയും ഉപയോഗമുക്തമാക്കുക.



## 2. സ്നേഹം പ്രദർശിപ്പിക്കുക.

താങ്കൾ കുട്ടികളെ ശ്രദ്ധിക്കുന്നു എന്ന് അവർക്ക് ബോധ്യമാകുന്നതുവരെ താങ്കളിലുള്ള അറിവ് അവർ ശ്രദ്ധിക്കുകയില്ല. അവർ താങ്കളിൽ നിന്നാണ് പഠിക്കുവാൻ തുടങ്ങുന്നതെങ്കിൽ താങ്കൾക്ക് അവരോടുള്ള സ്നേഹം പ്രദർശിപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

a. അവരോട് സംസാരിക്കുക

b. അവരുടെ നിലവാരത്തിനൊപ്പം താഴുക.

c. സ്പർശിക്കുക

d. അവരുടെ പേരുകൾ അറിഞ്ഞിരിക്കുക

e. ഫെയ്സ്ബുക്ക്, ജന്മദിനം തുടങ്ങിയവ

## 3. അച്ചടക്കം

a. നിരോധനം

b. വ്യവസ്ഥാധിഷ്ഠിതമായിരിക്കണം

c. പരിണിതഫലങ്ങൾ പ്രയോഗത്തിൽ വരുത്തുക.

d. താക്കീത്, ആക്രോശം, വെളിച്ചം, ശബ്ദം, സംഗീതം, ഇരിപ്പിടം.



## 4. ക്ലാസ്സിനെ പഠിപ്പിക്കുക

a. ഓരോ അദ്ധ്യായത്തിനും പോയിന്റുകൾ ഉണ്ടാകണം

b. സമയത്തിനു മുൻപേ തയ്യാറാക്കണം

c. വിനോദപ്രദമാകണം

d. ക്ലാസ്:

താങ്കൾ കഴിയുന്നത്ര പ്രവർത്തന രീതികളിലൂടെ ക്ലാസ് രൂപപ്പെടുത്തണം, എങ്കിൽ ക്ലാസ് ആവേശമുണർത്തുന്നതും വിനോദപ്രദവും ആയിരിക്കും. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ അച്ചടക്കം സംബന്ധിച്ച പ്രശ്നങ്ങൾ ക്ലാസ്സിൽ വളരെ കുറവായിരിക്കും.

- പ്രധാന പാഠം
- ക്രിയാത്മകതയ്ക്കൊപ്പം കഥയും പറയുക
- ബൈബിൾ വാക്യം മന:പാഠമാക്കുക
- പാട്ടുകൾ പാടുക
- നാടകങ്ങൾ
- കളികൾ

- പാഠഭാഗങ്ങൾ പുനർവിചിന്തനം ചെയ്യുക.

e. അലങ്കാരങ്ങൾ

ചില നിമിഷങ്ങളിൽ കുട്ടികൾ വൈകാരികമായി മനസ്സ ചിതറിയ നിലയിൽ എത്തുമ്പോൾ അവർ അവിടെ എന്തു വീക്ഷിക്കുന്ന എന്നത് ക്ലാസ്സിൽ ആസൂത്രണം ചെയ്യേണ്ടുന്ന ഒരു ഭാഗമാണ്. ദൃശ്യമായ സ്വാധീനത്തിന്റെ മൂല്യം മറന്നുകളയരുത്.

## 5. സംരക്ഷണവും പരിചരണവും



a. ലൈംഗിക ചൂഷണം

b. ശാരീരിക പീഡനം

c. വൈകാരിക പീഡനം

## 6. ഒരു പുതിയ അദ്ധ്യാപകനുള്ള നിർദ്ദേശങ്ങൾ

- അത് കൂടുതൽ മെച്ചപ്പെട്ടും
- നിങ്ങളുടെ ഹൃദയം ഉപയോഗിക്കുക
- ഒരു പരിശീലകനെയോ ഒരു ഉപദേഷ്ടാവിനെയോ കണ്ടെത്തുക.
- മാതാപിതാക്കളെ ഉൾപ്പെടുത്തുക.

# ക്ലാസ് -സമയം






കുട്ടികളെ എത്ര സമയം നിങ്ങളിലേക്ക് ശ്രദ്ധയോടെ ഇരുത്തുവാൻ കഴിയും എന്നുള്ളത് അവരുടെ പ്രായമനുസരിച്ചാണ് നിശ്ചയിക്കുന്നത്!

ഓരോ പ്രവർത്തനങ്ങൾക്കും എത്ര സമയം വീതം ചിലവിടേണ്ടി വരും എന്ന് കണക്കാക്കിയാൽ അവയെല്ലാം പൂർത്തീകരിക്കുവാൻ താങ്കൾക്ക് കഴിയും.

ഒരു പ്രവർത്തി ചെയ്യുവാനുള്ള സമയം അധികമാകുന്നുവെങ്കിൽ... അടുത്ത പ്രവർത്തിയിലേക്ക് മാറുക!

www.ChildrenAreImportant.com
info@childrenareimportant.com
01-592-924-9041 (We are in Mexico)
DK Editorial Pro-Visión A.C.

കുട്ടികൾ പ്രാധാന്യമുള്ളവർ